നം. ICDS/B3-13363/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനകസ്)
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,
തിരുവനന്തപുരം, തീയതി 16/06/2017

സാമൂഹ്യനീതി ഡയറക്ടർ

*എല്ലാ പ്രോഗ്രാം ആഫീസർമാർക്കും*

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ്- ICDS.- ന്യൂട്രീമിക്സ് രുചി ഭേദം വരുത്തുന്നത്- പാചകക്കുറിപ്പുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) 06/06/2017 ന് ഡയറക്ടറുടെ ചേംമ്പറിൽ കൂടിയ മീറ്റിംഗ് തീരുമാനം.
2) 16/02/2017 ന് കൂടിയ 21-ാം മത് ICDS മിഷൻ ഇ. സി മീറ്റിംഗ് തീരുമാനം ഇനം നമ്പർ 4

ന്യൂട്രീമിക്സ് രുചിഭേദം വരുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനായി 06/06/2017 ന് വൈകുന്നേരം 3.00 മണിക്ക് സാമൂഹ്യനീതി ഡയറക്ടറുടെ ചേമ്പറിൽ കൂടിയ കമ്മിറ്റി തീരുമാന പ്രകാരം അമൃതം ന്യൂട്രീമിക്സ് തുടർച്ചയായി കഴിക്കുന്ന കുട്ടികളിൽ മടുപ്പ് ഉളവാക്കുന്നതായും ഈ മിശ്രിതം ഇൻഗ്രീഡിയൻസിൽ മാറ്റം വരുത്താതെ വിവിധ രുചികളിൽ ലഭ്യമാക്കുവാൻ സാധിച്ചാൽ കൂടുതൽ കുട്ടികൾ ഇത് കഴിക്കാൻ തയ്യാറായേക്കും എന്നും കണ്ടെത്തിയിരുന്നു.

ഈ സാഹചര്യത്തിൽ അമൃതം ന്യൂട്രീമിക്സിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ന്യൂട്രീമിക്സ് ഉപയോഗിച്ച് കുട്ടികൾക്കായി തയ്യാറാക്കാവുന്ന ഭക്ഷണ സാധനങ്ങളുടെ പാചകകുറിപ്പുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഇതിലേക്ക് 1 വയസിന് മുകളിൽ പ്രയമുള്ള കുട്ടികൾക്ക് നൽകാവുന്ന ന്യൂട്രീമിക്സ് വിഭവങ്ങളുടെ പാചകകുറിപ്പുകൾ തങ്ങളുടെ ജില്ലയിൽ നിന്നും ശേഖരിച്ച് 30/06/2017 ന് മുമ്പ് അയച്ചുതരേണ്ടതാണ്. പാചകക്കുറിപ്പുകൾ പോഷക പ്രദവും തയ്യാറാക്കുവാൻ എളുപ്പമുള്ളതും കുട്ടികൾക്ക് ഇഷ്ടമാവുന്നതുമായിരിക്കണം. പ്രദേശിക പ്രത്യേകതകൾ ഉള്ള വിഭവങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി